**Deepika**
**9 August 2018**
**Thiruvananthapuram, Kuttanad Flood, Central Assistance, 820 Crore**

# 820 കോടിയുടെ കേന്ദ്രസഹായം ആവശ്യപ്പെടും

**തിരുവനന്തപുരം:** കുട്ടനാട് മേഖലയിലെ പ്രളയക്കെടുതി നേരിടാൻ 820 കോടിയുടെ കേന്ദ്രസഹായം വേണമെന്ന് സംസ്ഥാനം ആവശ്യപ്പെടും.

പ്രളയമേഖലകൾ സന്ദർശിക്കുന്ന കേന്ദ്രസംഘം വ്യാഴാഴ്ച മുഖ്യമന്ത്രിയുമായും മറ്റും കൂടിക്കാഴ്ച നടത്തുന്നുണ്ട്. അവർക്ക് ഈ ആവശ്യം ഉന്നയിച്ച് സംസ്ഥാനത്തിന്റെ നിവേദനം നല്കും. പ്രളയക്കെടുതിയുടെ യഥാർഥ നഷ്ടം കണക്കാക്കിവരുന്നതേയുള്ളൂ.

കേന്ദ്രമാനദണ്ഡമനുസരിച്ചാണ് 820 കോടി രൂപ ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

വെള്ളം ഇറങ്ങുന്നതിനനുസരിച്ച് കൃഷി, പൊതുമരാമത്തുവകുപ്പുകളുടേതടക്കം നഷ്ടം കണക്കാക്കും.